entri

**Current affairs** 23 Sep 2025

- **2025 സെപ്റ്റംബറിൽ അന്തരിച്ച പ്രശസ്ത ഭരതനാട്യം നർത്തകി**
  ശാരദ ഹോഫ്മൻ
  - കലാക്ഷേത്രയിൽനിന്ന് ബിരുദം നേടിയ രണ്ടാമത്തെ വിദ്യാർഥിനിയാണ് ശാരദ ഹോഫ്മൻ. പിന്നീട് കലാക്ഷേത്രയിൽത്തന്നെ പ്രധാന നർത്തകിയും അധ്യാപികയും നൃത്തവിഭാഗം മേധാവിയുമായി.
  - 1996-ൽ കേന്ദ്ര സംഗീത-നാടക അക്കാദമി അവാർഡ് ലഭിച്ചു.

- **2025ലെ ലോക അത്‌ലറ്റിക് ചാമ്പ്യൻഷിപ്പ് ജാവലിൻ ത്രോയിൽ സ്വർണ മെഡൽ കരസ്ഥമാക്കിയത്**
  കെഷ്ററോൺ വാൾകോട്ട് (ട്രിനിഡാഡ്)
  - ഗ്രനഡ താരം ആൻഡേഴ്സൺ പീറ്റേഴ്സൺ വെള്ളി മെഡലും യു.എസ്.എയുടെ കുർടിസ് തോംസൺ വെങ്കല മെഡലും സ്വന്തമാക്കി.
  - ഇന്ത്യൻ താരമായ സച്ചിൻ യാദവ് നാലാം സ്ഥാനം കരസ്ഥമാക്കി.
  - 2023ലെ ലോക അത്‌ലറ്റിക് ചാമ്പ്യൻഷിപ്പ് ജാവലിൻ ത്രോയിലെ സ്വർണ മെഡൽ ജേതാവായ ഇന്ത്യയുടെ നീരജ് ചോപ്ര എട്ടാംസ്ഥാനം കരസ്ഥമാക്കി.

- **2025 സെപ്റ്റംബറിൽ ദേശീയ അസംബ്ലിയിൽ നടന്ന വിശ്വാസ വോട്ടെടുപ്പിൽ പരാജയപ്പെട്ടതിനെ തുടർന്ന് പുറത്താക്കപ്പെട്ട ഫ്രാൻസിന്റെ പ്രധാനമന്ത്രി**
  ഫ്രാൻസ്വ ബെയ്റോ

- **2025ലെ കാഫ നേഷൻസ് കപ്പ് ഫുട്ബോൾ കിരീട ജേതാക്കൾ**
  ഉസ്ബക്കിസ്ഥാൻ
  - ഫൈനലിൽ ഇറാനെ പരാജയപ്പെടുത്തിയാണ് ഉസ്ബക്കിസ്ഥാൻ കിരീടം സ്വന്തമാക്കിയത്.
  - ഒമാനെ പരാജയപ്പെടുത്തി ഇന്ത്യ മൂന്നാം സ്ഥാനം കരസ്ഥമാക്കി.

- **പൂർണമായും സെറാമിക് മാലിന്യംകൊണ്ട് നിർമിച്ച ലോകത്തിലെ ആദ്യ പാർക്കായ 'അനോഖി ദുനിയ' നിലവിൽ വന്നത്**
  ഖുർജ, ഉത്തർപ്രദേശ്


ശാരദ ഹോഫ്മൻ


കെഷ്ററോൺ വാൾകോട്ട്


ഫ്രാൻസ്വ ബെയ്റോ



4.8 ★ Download the app now | Learn in Malayalam